ജി(1) 39343/16

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി 01.11.2019

**സർക്കുലർ 45/19**

വിഷയം- സഹകരണ വകുപ്പ്- കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം 2018- സംഘങ്ങളെ ഉൾപ്പെടുത്തുന്നത് - നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന -
1. സർക്കാരിന്റെ 22.09.2018 ലെ ജി.ഒ(പി)116/2018/സഹ/നം. നോട്ടിഫിക്കേഷൻ
2. സർക്കാരിന്റെ 10.12.2018 ലെ ജി.ഒ(പി)169/2018/സഹ. നം. ഗസറ്റ് നോട്ടിഫിക്കേഷൻ
3. സഹകരണ സംഘം രജിസ്ട്രാറുടെ 05.05.2018 ലെ 29/2018 നമ്പർ സർക്കുലർ
4. സഹകരണ സംഘം രജിസ്ട്രാറുടെ 05.05.2018 ലെ 09/2019 നമ്പർ സർക്കുലർ

കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57(ബി) പ്രകാരം സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി പരാമർശം (1) ലെ വിജ്ഞാപന പ്രകാരം **"കേരള നിക്ഷേപ ഗ്യാരന്റി സ്കീം 2018"** രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (1) ലെ നോട്ടിഫിക്കേഷനിലെ 6- ഖണ്ഡിക പ്രകാരം സ്കീം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ബഹു. സഹകരണ വകുപ്പ് മന്ത്രി ചെയർമാനായി പരാമർശം (2) പ്രകാരം കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

പരാമർശം(1) ലെ ഉണ്ഡിക 4 (4) പ്രകാരം ടി സ്കീമിൽ അംഗമാകേണ്ട സഹകരണ സംഘങ്ങളെ അതാത് ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും ഒന്നിൽ കൂടുതൽ ജില്ലകളിലോ സംസ്ഥാന വ്യാപകമായോ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളെ സഹകരണ സംഘം രജിസ്ട്രാറും ബോർഡിലേക്ക് നോട്ടിഫൈ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സഹകരണ സംഘം രജിസ്ട്രാർ

കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നിക്ഷേപം സ്വീകരിക്കുന്നതുമായ (പ്രവർത്തനം നിലച്ചതോ ലിക്യുഡേഷൻ നടപടികൾക്ക് വിധേയമാകുന്നതോ ഒഴികെയുള്ള) എല്ലാ സംഘങ്ങളും പ്രസ്തുത സ്കീമിൽ അംഗമാകണമെന്നും പരാമർശം (3) (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള നിക്ഷേപം സ്വീകരിച്ച് വരുന്ന പല സംഘങ്ങളും ഇനിയും നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ അംഗങ്ങൾ ആയിട്ടില്ല എന്ന വിവരം സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയത് സംഘങ്ങളുടെയും ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെയും ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയായി കണക്കാക്കുന്നു.

ടി സാഹചര്യത്തിൽ സഹകരണ നിയമം ചട്ടം 63 പ്രകാരം സംഘങ്ങൾ ഫ്ലൂയിഡ് റിസോഴ്സ് സൂക്ഷിക്കുന്നുണ്ടോ എന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള മറ്റ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സംഘങ്ങളെയും **2019 ഡിസംബർ 31** നകം നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ അംഗമാക്കുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്ന വിവരം എല്ലാ സംഘങ്ങളുടെയും നോട്ടീസിൽ പ്രദർശിപ്പിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. ഇത്തരത്തിൽ നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ അംഗമാകാത്ത സംഘങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ ന്യൂനത സംഗ്രഹത്തിൽ ടി ന്യൂനത കൃത്യമായി രേഖപ്പെടുത്തുന്നതിന് സഹകരണ സംഘം ആഡിറ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2019 ഡിസംബർ 31 ന് ശേഷവും ഏതെങ്കിലും സംഘം പ്രസ്തുത സ്കീമിൽ ചേരാതെ തന്നെ നിക്ഷേപം സ്വീകരിക്കുന്നതായി ബോധ്യപ്പെട്ടാൽ കേരള സഹകരണ നിയമം (ഭേദഗതി) 2013- വകുപ്പ് 57ബി(3)ലും, വകുപ്പ് ബി(4) ലെ ഒന്നാം പ്രൊവിസോയിലും വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം സഹകരണ സംഘം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അത്തരം സംഘങ്ങൾക്കെതിരെ എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും 31.03.2020 നകം നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി വിവരം, സംഘങ്ങളുടെ പേരു വിവരം സഹിതം, റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നിക്ഷേപം സ്വീകരിക്കുന്നതുമായ (പ്രവർത്തനം നിലച്ചതോ ലിക്യുഡേഷൻ നടപടികൾക്ക്

വിധേയമാകുന്നതോ ഒഴികെയുള്ള) സംഘങ്ങൾ 31.03.2020 ന് ശേഷവും നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗമാകാൻ ശേഷിക്കുന്നില്ല എന്ന് അതത് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ഉറപ്പ് വരുത്തേണ്ടതും, ആയതിനുശേഷവും ടി സ്കീമിൽ അംഗമാകാതെ നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സംഘങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതുമാണ്.

ഒപ്പ്

ഡോ.പി.കെ ജയശ്രീ ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :-

1. ഡയറക്ടർ ഒഫ് കോ ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, കേരളസംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
4. ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറി, കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്, തിരുവനന്തപുരം.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
6. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ആഡിറ്റ്) മാർക്കും(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും/അർബൻ ബാങ്കുകൾക്കും/ എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ വായ്പേതര സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
12. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
13. എഡിറ്റർ, സഹകരണ വീഥി/ജേർണൽ
14. വെബ് സൈറ്റ്
15. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)